(ഡി) ചട്ടങ്ങൾ ലംഘിച്ച് ബോർഡും ലൈറ്റും ഉപയോഗിക്കുന്നവർക്കെതിരെ കേന്ദ്ര മോട്ടോർ വാഹന നിയമം 177 അനുസരിച്ച് പിഴ ഈടാക്കാവുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സിൽ ടിക്കറ്റെടുക്കാതെയുള്ള യാത്ര തടയാൻ നടപടി

56 [1363] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, എം. മുരളി:

,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സഞ്ചരിക്കുന്നവർ ടിക്കറ്റ് വാങ്ങി യാത്ര ചെയ്യാത്ത പക്ഷം അതിനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടാറുണ്ടോ;

(സി) ടിക്കറ്റില്ലാതെ കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ ഇതു സംബന്ധിച്ച് ഉത്തരവാദിത്വം നിക്ഷിപ്തമാക്കാത്തതെന്തുകൊണ്ടാണ്; ഇതിനുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമം അനുസരിച്ചു കണ്ടക്ടർക്കും യാത്രക്കാർക്കും ഉത്തരവാദിത്വം ഉണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നവരിൽ നിന്നും 500 രൂപാ വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്.

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നത് കണ്ടുപിടിച്ചാൽ ശിക്ഷിക്കപ്പെടാറുണ്ട്.

(സി) 1988-ലെ മോട്ടോർ വാഹന നിയമം ഇത് സംബന്ധിച്ചുള്ള ഉത്തരവാദിത്വം യാത്രക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

പ്രൈവറ്റ് ബസ്സുകൾ ചട്ടങ്ങൾ ലംഘിച്ച് സർവ്വീസ് നടത്തുന്നതിനെതിരെ നടപടി

57 [1364] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly